LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ച തുക

80 [5224] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2002-2003 വർഷം തിരുവനന്തപുരം ജില്ലയ്ക്ക് എത്ര തുക ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 2002-2003 വർഷം 40,49,352 രൂപ തിരുവനന്തപുരം ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

കുപ്പണ മദ്യദുരന്തം മൂലം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം

81 [5225] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പണ മദ്യദുരന്തം മൂലം മരണമടഞ്ഞവരുടെ എത്ര കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര രൂപ സഹായധനമായി നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കുപ്പണ മദ്യദുരന്തത്തിൽ മരണമടഞ്ഞ ഏഴുപേരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സാമ്പത്തിക സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഏഴ് കുടുംബങ്ങൾക്കായി 2,10,000 രൂപ (രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) സഹായധനം അനുവദിച്ചുനൽകിയിട്ടുണ്ട്.

കേരളാ ഹൗസിലെ പർച്ചേസിലെ ക്രമക്കേടുകൾ

82 [5226] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി കേരളാ ഹൗസിലെ അതിഥി മന്ദിരത്തിലേക്ക് ദൈനംദിനാവശ്യങ്ങൾക്കുള്ള പർച്ചേസിൽ ക്രമക്കേടുകൾ നടന്നതായി പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ;

(സി) വാഹനങ്ങൾ വാങ്ങിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എൻട്രി ടാക്സ് നൽകിക്കൊണ്ടാണോ വാഹനങ്ങൾ വാങ്ങിയിരുന്നത്;